**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3136** **07-10-2025 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികളുടെ റെസ്റ്റോറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെയും ജലവിഭവ വകുപ്പിന്റെയും പ്രവൃത്തികൾക്കു വേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴികൾ എടുത്ത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തത് മൂലം പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതെ പോയതും ഈ ഫണ്ടുകൾ ലാപ്സായി പോയതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലവിതരണ പദ്ധതികൾക്കായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപി ക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ 29.09.2022ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് |

| | | | |
|---|---|---|---|
| | | | ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനത്തിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപന ത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതി കൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി.<br><br>ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെങ്കിൽ, പ്രസ്തുത പ്രവൃത്തിയ്ക്കായി ജൽ ജീവൻ മിഷനിൽ അനുവദിച്ച ഭരണാനുമതികളിൽ നിന്നുകൊണ്ട് പഞ്ചായത്തുകൾക്ക് തന്നെ പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗം പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തി ക്രമീകരിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനെ PFMS പോർട്ടലിൽ ഉൾപ്പെടുത്തി നിലവിലുള്ള ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പേയ്മെന്റുകൾ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കൂടുതൽ ഫണ്ട് നഷ്ടമാകാതിരിക്കുന്നതിനായി, തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് | (ബി) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ജൽ ജീവൻ മിഷൻ |

റെസ്റ്റൊറേഷൻ ആവശ്യമാണെങ്കിൽ തദ്ദേശസ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിച്ച് റെസ്റ്റൊറേഷൻ നടപ്പാക്കുകയും, വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റെസ്റ്റോറേഷന്റെ തുക തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്ന തരത്തിൽ അനുമതി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലവിതരണ പദ്ധതികൾക്കായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപി ക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ 29.09.2022ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനത്തിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപന ത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ

| | | | |
|---|---|---|---|
| | | | പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതി കൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി.<br><br>ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെങ്കിൽ, പ്രസ്തുത പ്രവൃത്തിയ്ക്കായി ജൽ ജീവൻ മിഷനിൽ അനുവദിച്ച ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് പഞ്ചായത്തുകൾക്ക് തന്നെ പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗം പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തി ക്രമീകരിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനെ PFMS പോർട്ടലിൽ ഉൾപ്പെടുത്തി നിലവിലുള്ള ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പേയ്മെന്റുകൾ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ